ഉത്തരം

(എ) കേരള ടെക്സ്റ്റയിൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം 1-4-1995-നാണ് ഏറ്റവും ഒടുവിൽ നടപ്പിലാക്കിയത്.

(ബി) ഉണ്ട്.

(സി) ശമ്പള പരിഷ്ക്കരണത്തിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വൃദ്ധസദന പദ്ധതി

144 [1323] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വൃദ്ധസദനങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്രയെണ്ണം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; ആരംഭിക്കാൻ നിശ്ചയിച്ചതെത്ര;

(സി) ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ചും, പദ്ധതിയുടെ വിശദാംശങ്ങളെ സംബന്ധിച്ചും വ്യക്തമാക്കാമോ?

ഉത്തരം

(എ) 100 ദിന കർമ്മ പരിപാടിയിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ വൃദ്ധജനങ്ങൾക്കുള്ള താമസത്തിനും മറ്റും 'സ്നേഹതീരം' എന്ന പേരിൽ ഒരു പദ്ധതി 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് നടപടി

145 [1324] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും സർക്കാരിന്റെ ആഭിമുഖ്യത്തിൽ വൃദ്ധസദനങ്ങൾ നടത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ ആണ്; എത്ര എണ്ണം എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly